## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5124** **02-11-2021 - ൽ മറുപടിയ്ക്ക്**

## ഗുണമേന്മയുള്ള പഴച്ചെടികൾ ലഭ്യമാക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഉയരം കുറഞ്ഞ ഇനത്തിലുള്ള വിവിധ തരം പഴച്ചെടികൾ മിതമായ വിലയിൽ ലഭിക്കുന്നതിന് എന്തൊക്കെ പദ്ധതികൾ ആണ് നിലവിൽ ഉള്ളത് എന്നറിയിക്കാമോ; | (എ) | ഉയരം കുറഞ്ഞ ഇനത്തിലുള്ള പഴച്ചെടികളുടെ വിതരണത്തിന് മാത്രമായി പദ്ധതി നടപ്പിലാക്കി വരുന്നില്ല. ഉയരം കൂടിയതും കുറഞ്ഞതുമായ വിവിധ ഇനം പഴവർഗ്ഗങ്ങൾക്കായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് വഴി പദ്ധതി നടപ്പിലാക്കി വരുന്നു. വിവിധ തരം പഴച്ചെടികൾ മിതമായ വിലയിൽ ലഭിക്കുന്നതിന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് "ഒരു കോടി ഫലവൃക്ഷ തൈ വിതരണം" എന്ന ഘടകം "ഡെവലപ്പ്മെന്റ് ഓഫ് ഫ്രൂട്ട്സ് ഫ്ലവേഴ്സ് ആന്റ് മെഡിസിനൽ പ്ലാന്റ്സ്" എന്ന പദ്ധതിയിൻ കിഴിൽ 2021-22 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയിലൂടെ സംസ്ഥാനത്തിന്റെ തനത് ഫലവൃക്ഷങ്ങളും വിദേശത്ത് നിന്ന് കൊണ്ടു വന്ന് നട്ടുപിടിപ്പിച്ച് വിളയിക്കാൻ കഴിയുന്ന ഫലവർഗ്ഗങ്ങളായ ഡ്രാഗൺ ഫ്രൂട്ട്, മാതളം, ചാമ്പ ഇനങ്ങൾ, സപ്പോട്ട, അവക്കാഡോ, ഓറഞ്ച്, പേരക്ക, നാരക ഇനങ്ങൾ, കറിവേപ്പ്, റമ്പൂട്ടാൻ, മാഗോസ്റ്റീൻ, പപ്പായ, വാഴ ഇനങ്ങൾ, ചതുരപ്പുളി, ലിച്ചി, പാൽപ്പഴം, മിറക്കിൾ ഫ്രൂട്ട്, മുള്ളാത്ത, വെസ്റ്റ് ഇന്ത്യൻ ചെറി, വുഡ് ആപ്പിൾ, ഇലുമ്പൻ പുളി, സീതപ്പഴം (അനോന), ബറാബ, കസ്റ്റേഡ് ആപ്പിൾ (ആത്ത), നെല്ലി, പാഷൻ ഫ്രൂട്ട്, പ്ലാവ്, മാവ്, മുരിങ്ങ, കൊടംപുളി, തുടങ്ങിയ 30 ഇനം ഫലവൃക്ഷതൈകൾ കർഷകർക്ക് വിതരണം ചെയ്തു വരുന്നു. ഒരു കോടി ഫലവൃക്ഷ തൈ വിതരണം പദ്ധതി പ്രകാരം നടീൽ വസ്തുക്കളായ, ഗ്രാഫ്റ്റ്/ലെയർ/ ടിഷ്യൂകൾച്ചർ വാഴ, വാഴക്കന്ന്, ഫലവൃക്ഷ തൈകൾ തുടങ്ങിയവയാണ് വിതരണം നടത്തുന്നത്. ഗ്രാഫ്റ്റ്/ലെയർ/ടിഷ്യൂകൾച്ചർ വാഴ എന്നിവ 75% സബ്സിഡിയോടു കൂടിയും (25% ഗുണഭോക്തൃ വിഹിതം), തൈകൾ സൗജന്യവുമായാണ് കർഷകർക്കു നൽകി വരുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതിയായ മിഷൻ ഫോർ |

| | | | |
|---|---|---|---|
| | | | ഇന്റഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതിയിൽ ഉൾപ്പെടുത്തി വാഴ, കൈതച്ചക്ക, പ്ലാവ്, പ്രാദേശിക വിളകളായ കുടംപുളി, ഞാവൽ എന്നീ വിളകളുടെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്നുണ്ട്. വാഴ, കൈതച്ചക്ക എന്നിവയ്ക്ക് ഹെക്ടറൊന്നിന് 26250/- രൂപ, പ്ലാവിന് ഹെക്ടറൊന്നിന് 18000/- രൂപ, കുടംപുളി, ഞാവൽ എന്നിവയ്ക്ക് ഹെക്ടറൊന്നിന് 18000/- രൂപ എന്ന നിരക്കിൽ ധനസഹായം നൽകി വരുന്നു. |
| (ബി) | കോഴിക്കോട് ജില്ലയിലെ ഏതൊക്കെ അംഗീകൃത നഴ്സറികളിൽ നിന്നാണ് ഇത്തരം പഴച്ചെടികൾ ലഭിക്കുന്നത് എന്നറിയിക്കാമോ? | (ബി) | കോഴിക്കോട് ജില്ലയിലെ സ്റ്റേറ്റ് സീഡ് ഫാം പുതുപ്പാടി, സ്റ്റേറ്റ് സീഡ് ഫാം പേരാമ്പ്ര, ജില്ലാ കൃഷിത്തോട്ടം കൂത്താളി, കോക്കനട്ട് നഴ്സറി തിക്കോടി എന്നീ നാല് കൃഷിത്തോട്ടങ്ങളിൽ ഉയരം കുറഞ്ഞ ഇനത്തിലുള്ള വിവിധതരം പഴച്ചെടികൾ കർഷകർക്ക് വിതരണം നടത്തി വരുന്നു. ഇതു കൂടാതെ ജില്ലയിലെ അമൃത നഴ്സറി (കോടഞ്ചേരി, പുറമേരി) രശ്മി നഴ്സറി (വട്ടോളി, കുന്നുമ്മൽ) എന്നിവിടങ്ങളിലും ഉയരം കുറഞ്ഞ ഇനത്തിലുള്ള വിവിധതരം പഴച്ചെടികൾ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ